**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1909** **02-02-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യെ പ്രവർത്തന ലാഭത്തിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി.യെ പൊതുമേഖലയിൽ നിലനിർത്താൻ ഈ സർക്കാർ നൽകിവരുന്ന സഹായങ്ങൾ സംബന്ധിച്ച വിവരം അറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യെ പൊതുമേഖലയിൽ നിലനിർത്താൻ കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കാൻ വേണ്ടി ഈ സർക്കാർ വായ്പ വിഹിതയിനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 2037.51 കോടി രൂപയും, 2022-23 സാമ്പത്തിക വർഷത്തിൽ 1434.81 കോടി രൂപയും, 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 1379.50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും, ഇ-ഗവേണൻസും, വാഹന വ്യൂഹങ്ങളുടെ നവീകരണം, വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്, അടിസ്ഥാന സൗകര്യ വികസനവും വർക്ക്ഷോപ്പുകളുടെ നവീകരണവും, ജീവനക്കാർക്കും ഓഫീസർമാർക്കും പരിശീലനം തുടങ്ങി വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 2021-22 സാമ്പത്തിക വർഷത്തിൽ 87.21 കോടി രൂപയും, 2022-23 സാമ്പത്തിക വർഷത്തിൽ 85.14 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 17.82 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>ഇതിനുപുറമെ പ്രതിദിന വരുമാനത്തിൽ നിന്നും പെൻഷൻ നൽകാൻ കഴിയാതെ വന്നതോടെ സർക്കാർ മുൻകൈയ്യെടുത്ത് സഹകരണ വകുപ്പുമായി ചേർന്ന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ മുടക്കം കൂടാതെ നൽകി വരികയും കൺസോർഷ്യം കാലാവധി കഴിഞ്ഞതിനുശേഷം പുതിയ കരാറാകുന്നതുവരെയുള്ള കാലയളവിൽ സർക്കാർ ധനസഹായം നൽകുകയും ചെയ്തിരുന്നു. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ |

| | | | |
|---|---|---|---|
| | | | സംഘങ്ങളിൽ നിന്ന് ലഭ്യമാക്കിയ തുക പലിശ ഉൾപ്പെടെ സർക്കാർ തന്നെ മടക്കി നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി.യെ പ്രവർത്തന ലാഭത്തിലെത്തിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഇന്ധന വിലവർദ്ധനവ് കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക സ്ഥിതിയെ എത്ര കണ്ട് ബാധിക്കുന്നുവെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | (ബി) | മൾട്ടി ആക്സിൽ, ഇലക്ട്രിക് ഉൾപ്പെടെ വിവിധ ശ്രേണികളിൽപ്പെട്ട ബസുകൾ നിരത്തിലിറക്കുക വഴി കോർപ്പറേഷന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്.<br><br>കിഫ്ബിയിൽ നിന്നുള്ള ധനസഹായം, പദ്ധതി വിഹിതത്തിൽ ബസ്സുകൾ വാങ്ങുന്നതിനായി വകയിരുത്തിയ തുക, സ്മാർട്ട് സിറ്റി പദ്ധതി തുക എന്നിവ ഉപയോഗപ്പെടുത്തി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് വിപുലീകരിക്കുന്നതിനോടൊപ്പം, ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉപയോഗ യോഗ്യമല്ലാത്ത ബസ്സുകൾ സ്റ്റാളുകളാക്കി മാറ്റി വിവിധ ഏജൻസികൾക്ക് വാടകയ്ക്ക് നൽകുന്ന ഷോപ്പ് ഓൺ വീൽസ്, പൊതുജനങ്ങൾക്ക് കൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽ നിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, മൂന്നാറിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്സ്, വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, ല്യൂബ്രിക്കേറ്റിംഗ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, മത്സ്യ വിപണന രംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര, കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച വാണിജ്യ സമുച്ചയങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതി, കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, ഹോർഡിംങ്സ് എന്നിവ സ്ഥാപിച്ച് പരസ്യം നൽകുന്നതിലൂടെ അധിക വരുമാനം ലഭ്യമാകുന്ന പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും, വേഗത്തിലും പാഴ്സലുകൾ വിവിധ സ്ഥലങ്ങളിലേക്ക് എത്തിക്കുന്നതിനായി ആരംഭിച്ച കൊറിയർ / ലോജിസ്റ്റിക്സ് പദ്ധതി എന്നിവ ഉൾപ്പെടെ നിരവധി നൂതന പദ്ധതികൾ വഴി കൂടുതൽ വരുമാനം ലക്ഷ്യമിടുന്നു. |

കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 14 റീട്ടെയിൽ ഔട്ട്‌ലെറ്റുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ ഡീസൽ ഉപഭോഗം പ്രതിദിനം ശരാശരി 360 KL ആണ്. ഇതിനായി 3.46 കോടി രൂപ ചെലവ് വരുന്നു.അതിനാൽ ഡീസൽ വിലയിൽ 1 രൂപയുടെ വർദ്ധനവ് ഉണ്ടായാൽ തന്നെ പ്രതിമാസം 1.20 കോടി രൂപ അധിക ചെലവ് ഉണ്ടാകുന്നു. നിലവിൽ വൻകിട ഉപഭോക്താവ് എന്ന നിലയിൽ കേരളത്തിൽ നിന്നും ഡീസൽ വാങ്ങുന്നതിന് 99.47 രൂപയും കർണ്ണാടകയിൽ നിന്നും 96.32 രൂപയും കെ.എസ്.ആർ.ടി.സി.യുടെ റീട്ടെയിൽ ഔട്ട് ലെറ്റിൽ നിന്നും 96.37 രൂപയുമാണ്.

കെ.എസ്.ആർ.ടി.സി.യെ പ്രവർത്തന ലാഭത്തിലെത്തിക്കുന്നതിന് ചെലവ് ചുരുക്കി ജനോപകാരപ്രദമായി കെ.എസ്.ആർ.ടി.സി. സർവീസുകൾ പുനഃക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ നടന്നുവരുന്നു.

തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗരഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെയും സ്ഥാപനങ്ങളേയും ബന്ധിപ്പിച്ച് നഗരത്തിലേയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങൾക്കും നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ട യാത്രക്കാർക്കും പ്രയോജനകരമായ രീതിയിൽ സിറ്റി സർക്കുലർ സർവീസുകൾ ആരംഭിച്ചു. ഇതിലൂടെ തിരുവനന്തപുരം നഗരത്തിലേയ്ക്കുള്ള സ്വകാര്യ വാഹനങ്ങളുടെ തിരക്കും പാർക്കിംഗും അന്തരീക്ഷ മലിനീകരണവും കുറക്കുവാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. സമഗ്രമായ പഠനത്തിന്റെ വെളിച്ചത്തിൽ സിറ്റി ഷട്ടിൽ സർവ്വീസുകൾ ആരംഭിച്ചു. ഇത് കൂടുതൽ വ്യാപകമാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

അനാവശ്യമായി യാത്രക്കാരില്ലാതെ റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറക്കുന്നതിനും യാത്രക്കാരുടെ സൗകര്യത്തിനുമായി സിറ്റി റേഡിയൽ സർവ്വീസ് ആരംഭിച്ചു. സിറ്റിയ്ക്ക് വെളിയിലുള്ള രണ്ട് പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുക വഴി യാത്രക്കാർക്ക് ഇറങ്ങി കയറുന്നത് ഒഴിവാക്കുകയും യാത്രക്കാർ കൂടുതലായി ഇത്തരം ബസ്സുകളെ ആശ്രയിക്കുകയും ചെയ്യുതിനാൽ കട്ട് ട്രിപ്പുകൾ സിറ്റിയിലേയ്ക്ക് നടത്തിയിരുന്ന ബസ്സുകളുടെ എണ്ണം

| | | | |
|---|---|---|---|
| | | | കുറക്കുവാനും തദ്വാര അനാവശ്യ ഗതാഗതകുരുക്കും ചെലവും, അന്തരീക്ഷ മലിനീകരണം ഒഴിവാക്കുന്നതിനും കഴിഞ്ഞു.<br><br>സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.<br><br>കൂടാതെ ലാസ്റ്റ് മൈൽ ഫസ്റ്റ് മൈൽ കണക്ടിവിറ്റിയ്ക്കായി പരീക്ഷണാടിസ്ഥാനത്തിൽ ഫീഡർ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>ഇത് സ്ഥായിയായ വരുമാന വർദ്ധനവിനും നഷ്ടം കുറയ്ക്കുവാനും സഹായിക്കും. പൊതുഗതാഗതം പ്രോത്സാഹിപ്പിക്കാനും വാഹനപെരുപ്പം നിയന്ത്രിക്കുന്നതിനുമായി ഇത്തരത്തിൽ വൈവിദ്ധ്യമാർന്ന പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.<br><br>കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവീസുകളിലും അന്തർ സംസ്ഥാന സർവീസുകളിലും ഡ്രൈവർ-കം-കണ്ടക്ടർ തസ്തിക ആക്കിയിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യിലെ 3 (മൂന്നു) സോണൽ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികകളും ചീഫ് ഓഫീസിൽ 1 (ഒരു) എക്സിക്യൂട്ടീവ് ഡയറക്ടർ (മെയിന്റനൻസ് & വർക്ക്സ്) തസ്തികയും പൂർണ്ണമായും നിർത്തലാക്കി 3 (മൂന്നു) സോണൽ ജനറൽ മാനേജർ തസ്തികകളും, ചീഫ് ഓഫീസിൽ 1 (ഒരു) ജനറൽ മാനേജർ തസ്തികയും രൂപീകരിച്ച് 4 (നാല്) കേരള അഡ്മിനിസ്ട്രേറ്റിവ് സർവിസ് ഓഫീസർമാരെ ജനറൽ മാനേജർമാരായി കെ.എസ്.ആർ.ടി.സി.യിലേയ്ക്ക് നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | വാഹനങ്ങളുടെ ശരിയായ വിനിയോഗം വർദ്ധിപ്പിച്ചുകൊണ്ടും റൂട്ടുകളുടെ ശരിയായ ഉപയോഗത്തിലൂടെയും വരുമാനം വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള മാനേജ്മെന്റ് സംവിധാനം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | സാധ്യത പരിശോധിക്കുന്നതാണ്. |
| (ഡി) | മാനേജ്മെന്റ് സംവിധാനം പുനഃക്രമീകരിക്കുന്നതോടൊപ്പം യാത്രക്കാരുടെ ആവശ്യകത മനസ്സിലാക്കി കെ.എസ്.ആർ.ടി.സി.യെ ശാക്തീകരിക്കുന്നതിനും ഫലപ്രദമായ ഉപദേശക ബോർഡ് രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | 15-06-2023 തീയതിയിലെ സ.ഉ. (സാധാ) നം. 239/2023/TRANS നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.യിൽ അഡ്വൈസറി ബോർഡ് രൂപീകരിച്ചിട്ടുണ്ട്.<br><br>നിലവിൽ 71 പേരെ ഉൾപ്പെടുത്തിയാണ് അഡ്വൈസറി ബോർഡ് രൂപീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ